ടെലഫോൺ:2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം - 10

നമ്പർ.275/എ2/II-എസ്റ്റാ/2022/എൻ.സി.സി

23 മേയ് 2022

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

ഗ്രൂപ്പ് കമാണ്ടർ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾ
തിരുവനന്തപുരം/കൊല്ലം/കോട്ടയം/എറണാകുളം/
കോഴിക്കോട്, എല്ലാ എൻ.സി.സി യൂണിറ്റുകളും
} (വെബ്സൈറ്റ് മുഖേന)

**എൻ.സി.സി വകുപ്പ് - FTS തസ്തികയിലെ ജീവനക്കാരുടെ സ്ഥലം മാറ്റം /PTS തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം വഴി FTS ആയി നിയമനം -അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്**

1. എൻ.സി.സി ഡയറക്ടറേറ്റിൽ നിലവിലുള്ള, എഫ്.റ്റി.എസ് തസ്തികയിലെ സ്ഥലമാറ്റം മൂലം ഉണ്ടായ ഒരു ഒഴിവിലേക്കും തിരുവനന്തപുരം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, 1 കേരള നേവൽ യൂണിറ്റ് എൻ.സി.സി എന്നിവിടങ്ങളിൽ FTS തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ സുരേഷ് ആർ, ശ്രീ കൃഷ്ണൻകുട്ടി പി എന്നീ ജീവനക്കാർ 31/05/2022 തീയതിയിൽ വിരമിക്കുന്നത് കാരണം നിലവിൽ വരുന്ന രണ്ട് പ്രതീക്ഷിത ഒഴിവുകളിലേക്കും സ്ഥലംമാറ്റം ആഗ്രഹിക്കുന്ന FTS തസ്തികയിലുള്ള ജീവനക്കാർ **2022 ജൂൺ 10** ന് മുമ്പ് ഈ കത്തിനൊപ്പം അനുബന്ധമായി നല്കിയിരിക്കുന്ന നിശ്ചിത പ്രൊഫോർമയിൽ പൂരിപ്പിച്ച അപേക്ഷകൾ ഉചിതമാർഗ്ഗേണ ഈ ഡയറക്ടറേറ്റിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

2. ഖണ്ഡിക 1-ൽ സൂചിപ്പിച്ച പ്രകാരമുള്ള സ്ഥലം മാറ്റത്തിനു ശേഷം നിലവിൽ വരുന്ന Rs.23000-50200/- ശമ്പള നിരക്കിലുള്ള FTS തസ്തികയിലെ ഒഴിവിലേക്ക് സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നതിന് എൻ.സി.സി വകുപ്പിൽ PTS തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന, താത്പര്യമുള്ള ജീവനക്കാരിൽ നിന്നും ഉചിതമാർഗ്ഗേണ അപേക്ഷ ക്ഷണിക്കുന്നു. സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലായിരിക്കും നിയമനം. നിലവിലെ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാകാത്ത ജീവനക്കാരെ പരിഗണിക്കുന്നതല്ല.

3. പേര്, PEN, ഉദ്യോഗപ്പേര്, നിയമനത്തിന്റെ വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തി വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷകൾ **2022 ജൂൺ 10** ന് മുമ്പ് ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

4. എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടറുകളും അവയുടെ കീഴിൽ വരുന്ന യൂണിറ്റുകളിലെ അപേക്ഷകൾ പരിശോധിച്ച് നിശ്ചിത സമയത്തിനു മുമ്പായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

...2...

5. എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടറുകളും യൂണിറ്റുകളും ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഈ കത്ത് ഡൗൺലോഡ് ചെയ്ത്, അപേക്ഷിക്കുവാൻ യോഗ്യരായ എല്ലാ ജീവനക്കാർക്കും നല്കി ആയത് രേഖപ്പെടുത്തി അവരുടെ ഒപ്പ് നിശ്ചയമായും വാങ്ങേണ്ടതാണ്.

വിശ്വസ്തതയോടെ

(സുമി സന്ദീപിക ജി മാസ്റ്റർലി)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

കെ `എസ്

## അനുബന്ധം

## സ്ഥലം മാറ്റത്തിനുള്ള അപേക്ഷ

1. PEN :
2. പേര് :
3. വകുപ്പ് :
4. തസ്തിക :
5. ഫോൺ നമ്പർ :
6. നിലവിലെ ഓഫീസ് :
7. ജോലിയിൽ പ്രവേശിച്ച തീയതി :
8. വിരമിക്കൽ തീയതി :
9. നിലവിലെ ഓഫീസിൽ പ്രവേശിച്ച തീയതി :
10. നിലവിലെ തസ്തികയിൽ പ്രവേശിച്ച തീയതി :
11. സ്ഥിരം മേൽവിലാസം :
12. സ്ഥലം മാറ്റം ആഗ്രഹിക്കുന്നത് ഏത് സ്റ്റേഷനിലേക്കാണ്.

| ക്രമ നമ്പർ | സ്റ്റേഷൻ | ഓഫീസിന്റെ പേര് |
|---|---|---|

13. സ്ഥലം മാറ്റത്തിനുള്ള കാരണം
14. മേൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യമാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഓഫീസ് : 　　　　　　　　　　　　　　　　　　　　　　　അപേക്ഷകന്റെ ഒപ്പ്

തീയതി :

<u>ഓഫീസ് മേധാവിയുടെ ശുപാർശ</u>

ഓഫീസ് :

തീയതി :

ഗ്രൂപ്പ് കമാൻഡറുടെ ശുപാർശ

ഓഫീസ് :

തീയതി :